# മധ്യകാല ലോകം അധികാര കേന്ദ്രങ്ങൾ

---

**Que.1.** മംഗോളിയൻ സാമ്രാജ്യമായി ബന്ധപ്പെട്ട് താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക

a സാമ്രാജ്യം സ്ഥാപിച്ച ഭരണാധികാരി ആര്?

b ഇദ്ദേഹം നടപ്പിലാക്കിയ തപാൽ സമ്പ്രദായം ഏത് പേരിൽ അറിയപ്പെടുന്നു?

c സാമ്രാജ്യത്തിന്റെ ഭരണകേന്ദ്രം എവിടെയായിരുന്നു?

**Marks : (3)**

**Ans.** a) ചെങ്കിസ്ഖാൻ

b) കൊറിയർ

c) സൈബീരിയയിലെ ഒനോൺ നദീ തീരത്തുള്ള കാരക്കോറം

**Que.2.** താഴെ പറയുന്നവയിൽ ഫ്യൂഡലിസത്തിന്റെ തകർച്ചയ്ക്ക് വഴിതെളിച്ച കാരണം അല്ലാത്തത് ഏത്?

- കുരിശു യുദ്ധങ്ങൾ
- കർഷക കലാപങ്ങൾ
- നാണയങ്ങൾക്ക് പ്രാധാന്യം നഷ്ടപ്പെട്ടു
- ദേശരാഷ്ട്രങ്ങളുടെ ആവിർഭാവം

**Marks : (1)**

**Ans.** നാണയങ്ങൾക്ക് പ്രാധാന്യം നഷ്ടപ്പെട്ടു

**Que.3.** മധ്യകാലഘട്ടത്തിലെ ഒരു സാമ്രാജ്യത്തെ കുറിച്ചുള്ള ചില സൂചനകളാണ് ചുവടെ തന്നിട്ടുള്ളത് . അവ പരിശോധിച്ചു് സാമ്രാജ്യം ഏതെന്ന് കണ്ടെത്തുക ?

. കൊറിയർ എന്ന തപാൽ സംവിധാനം നിലനിന്നിരുന്നു

. ഭരണ കേന്ദ്രം സൈബീരിയയിലെ ഒനോൺ നദീ തീരത്തുള്ള കാരക്കോറം ആയിരുന്നു.

**Marks : (1)**

**Ans.** മംഗോളിയൻ സാമ്രാജ്യം

**Que.4.** മധ്യകാലലോകത്തെ ഭരണാധികാരികളിൽ വ്യത്യസ്തനായിരുന്നു അറേബ്യൻ ഭരണാധികാരിയായ ഹാറൂൺ -അൽ -റഷീദ് ' സമർത്ഥിക്കുക?

**Marks : (4)**

**Ans.** പ്രജാക്ഷേമ തല്പരൻ

. ധാരാളം ക്ഷേമ പദ്ധതികൾ നടപ്പിലാക്കി


. അറേബ്യയിൽ ആദ്യമായി ആശുപത്രികൾ സ്ഥാപിച്ചു

. നിയമവാഴ്ച കർക്കശമാക്കി

. ജനങ്ങൾക്ക് നിർഭയമായി സഞ്ചരിക്കാൻ കഴിഞ്ഞു

. റോമാ സാമ്രാജ്യവുമായി ബന്ധം സ്ഥാപിച്ചു

**Que.5.** ഫ്യൂഡലിസത്തിന്റെ പതനം സൂചിപ്പിക്കുന്ന പദസൂര്യൻ പൂർത്തീകരിക്കുക




**Marks : (3)**

**Ans.**

- കാലാവസ്ഥാവ്യതിയാനവും കാർഷിക ഉൽപാദനത്തിലെ കുറവും
- ക്ഷാമം
- പ്ലേഗ് പോലുള്ള പകർച്ച വ്യാധികൾ
- രാജാക്കന്മാർക്കുണ്ടായിരുന്ന വെടിമരുന്നിന്റെ കുത്തുക
- ദേശരാഷ്ട്രങ്ങളുടെ ആവിർഭാവം(ഏതെങ്കിലും 3 എണ്ണം )

**Que.6.** സ്വർണ നാണയമായ ദിനാറും വെള്ളി നാണയമായ ദിർഹവും അറേബ്യയിൽ പുറത്തിറക്കിയ

രാജവംശം ഏത് ?

**Marks : (1)**

**Ans.** ഉമവിയ്യ

**Que.7.** പൗരസ്ത്യ റോമാ സാമ്രാജ്യത്തിന്റെ പതനത്തിനുള്ള പ്രധാന കാരണമെന്ത്?

**Marks : (2)**

**Ans.** തുർക്കികൾ കോൺസ്റ്റാന്റിനോപ്പിൾ ആക്രമിച്ചു കീഴടക്കിയത്

**Que.8.** റോമിൽ നിലനിന്ന നിയമങ്ങളെല്ലാം ക്രോഡീകരിച്ചു നിയമസംഹിത ഉണ്ടാക്കിയ ഭരണാധികാരി

ആര്? ഇൗ നിയമ സംഹിതയുടെ വിശേഷതകൾ എഴുതുക ?

**Marks : (3)**

**Ans.** ജസ്റ്റീനിയൻ

.കോർപ്പസ് ജൂറിസ് സിവിൽസ് എന്നറിയപ്പെട്ടു

.യുക്തി ,നീതി ഔദാര്യം എന്നിവ അടിസ്ഥാനമാക്കിയുള്ളത്

**Que.9.** താഴെ കൊടുത്തിട്ടുള്ള പ്രസ്താവനകളിൽ തെറ്റായത് കണ്ടെത്തി എഴുതുക ?

a. മാലി സാമ്രാജ്യത്തിലെ പ്രശസ്തനായ ഭരണാധികാരിയായിരുന്നു കങ്കൻ മൂസ

b. C.E. 1453ൽ തുർക്കി നേതാവായ മുഹമ്മദ് രണ്ടാമൻ കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചെടുത്തു

c. കൊറിയർ എന്ന തപാൽ സമ്പ്രദായം നടപ്പിലാക്കിയ മംഗോളിയൻ ഭരണാധികാരിയാണ് സുലൈമാൻ

d. വിശുദ്ധ റോമാ സാമ്രാജ്യത്തിലെ സമർത്ഥനായ ഒരു യുദ്ധ വീരനും കഴിവുറ്റ ഭരണാധികാരിയും ആയിരുന്നു ഷാലമീൻ

**Marks : (1)**

**Ans.** c. കൊറിയർ എന്ന തപാൽ സമ്പ്രദായം നടപ്പിലാക്കിയ മംഗോളിയൻ ഭരണാധികാരിയാണ് സുലൈമാൻ

**Que.10.** ചുവടെ കൊടുത്തിരിക്കുന്ന ഭരണാധികാരികൾ ഏതെല്ലാം സാമ്രാജ്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു?

aകങ്കൻ മൂസ

b,സുലൈമാൻ

c,ചെങ്കിസ്ഖാൻ

d,ഷാലമീൻ

**Marks : (4)**

**Ans.** a. മാലി സാമ്രാജ്യം ,


b. ഓട്ടോമൻ സാമ്രാജ്യം

c. മംഗോളിയൻ സാമ്രാജ്യം

d. വിശുദ്ധ റോമാ സാമ്രാജ്യം

**Que.11.** ബ്രാക്കറ്റിൽ നിന്നും അനുയോജ്യമായവ കണ്ടെത്തി ചാർട്ട് പൂർത്തിയാക്കുക

(അബ്ബാസിയ ഖലീഫ ഡമാസ്കസ് )





**Marks : (3)**

**Ans.** a . ഖലീഫ,

b . ഡമാസ്കസ്

c . അബ്ബാസിയ

**Que.12.** ചാർട്ട് പൂർത്തീകരിക്കുക




**Ans.** a. പൗരസ്ത്യ റോമാ സാമ്രാജ്യം,

b. റോം

**Que.13.** മാലി സാമ്രജ്യത്തിലെ പ്രധാന സാംസ്കാരിക കച്ചവട കേന്ദ്രമായി മാറാൻ തിംബുക് തു വിനെ

സഹായിച്ച ഘടകങ്ങൾ എന്തെല്ലാം ?

**Marks : (4)**

**Ans.**

- സാമ്രാജ്യത്തിലെ തിംബുക്തു, വെനീസ്, ഗ്രാനഡ, ജനോവ എന്നിവിടങ്ങളിൽ നിന്നും വ്യാപാരികൾ സ്വർണം, ആനക്കൊമ്പ് എന്നിവയുടെ കച്ചവടത്തിനായി 'തിംബുക്തു' വിലെത്തിയിരുന്നു. തിംബുക് തുവിൽ എത്തി .
- അടിമകച്ചവടത്തിന്റെകേന്ദ്രം
- തിംബുക് തുവിൽ മധ്യകാലലോകത്തിലെ പ്രധാന വിജ്ഞാനകേന്ദ്രങ്ങളിലൊന്നായിരുന്നു.
- കങ്കൻമൂസ പണികഴിപ്പിച്ച തിംബുക്തുവിലുള്ള 'ഗ്രേറ്റ് മോസ്ക്' മധ്യകാല ലോകത്തെ പ്രധാന ഇസ്ലാമിക പഠനകേന്ദ്രമായിരുന്നു.

**Que.14.** 'എ' കോളത്തിന് അനുയോജ്യമായവ 'ബി' കോളത്തിൽ നിന്നും തിരഞ്ഞെടുത്തെഴുതുക

| എ | ബി |
|---|---|
| ഷാലമീൻ | പ്രാദേശിക ഭരണം |
| ലൊംബാർഡുകൾ | കരോലിൻജിയൻ വംശം |

കൗണ്ടുകൾ രഹസ്യ വിഭാഗം

മിസൈ ഡൊമിനിസി നാടോടികൾ

**Marks : (4)**

**Ans.**

ഉത്തര സൂചിക

| എ | ബി |
|---|---|
| ഷാലമീൻ | കരോലിൻജിയൻ വംശം |
| ലൊംബാർഡുകൾ | നാടോടികൾ |
| കൗണ്ടുകൾ | പ്രാദേശിക ഭരണം |
| മിസൈ ഡൊമിനിസി | രഹസ്യ വിഭാഗം |

**Que.15.** ഓട്ടോമൻ നിയമങ്ങൾ ക്രോഡീകരിച്ച ഭരണാധികാരി ആര്?

**Marks : (1)**

**Ans.** സുലൈമാൻ (സുലൈമാനെ അൽഖാനുനി )

**Que.16.** പൗരസ്ത്യ റോമാ സാമ്രാജ്യത്തിന്റെ തകർച്ചയ്ക്കുള്ള കാരണം എന്തായിരുന്നു?

**Marks : (2)**

**Ans.** തുർക്കികൾ കോൺസ്റ്റാന്റിനോപ്പിൾ കീഴടക്കിയത്.

**Que.17.** മംഗോളിയൻ സൈന്യത്തിന്റെ സവിശേഷതകൾ വിശദമാക്കുക

**Marks : (3)**

**Ans.** .ശക്തമായ കുതിരപ്പട

.ചെങ്കിസ്ഖാൻ സൈന്യത്തെ ക്രമീകരിച്ചത് പത്തിന്റെ ഗുണിതങ്ങളായിട്ടായിരുന്നു (10,100,1000,10000)

കുതിരപ്പുറത്തിരുന്ന് ഉപയോഗിക്കാൻ കഴിയുന്ന ചെറിയ പീരങ്കികൾ

സുസംഘടിതമായ ചാരസംഘം

**Que.18.** മധ്യകാല ലോകത്തിന്റെ സവിശേഷതകൾ എഴുതുക?

**Marks : (3)**

**Ans.** അഞ്ചാം നൂറ്റാണ്ട് മുതൽ പതിനഞ്ചാം നൂറ്റാണ്ടു വരെയുള്ള കാലഘട്ടം

രാഷ്ട്രീയ ഘടന സമാനമായിരുന്നു

അധികാര രൂപങ്ങളിൽ വ്യത്യസ്തത കാണുന്നു

**Que.19.** മധ്യകാല ജപ്പാനിലെ ഫ്യൂഡൽ പ്രഭുക്കൻമാർ ഏത് പേരിലാണ്അറിയപ്പെട്ടിരുന്നത്?

**Marks : (1)**

**Ans.** ഷോഗണുകൾ

**Que.20.** ഫ്യൂഡലിസത്തിന്റെ തകർച്ചയ്ക്ക് കാരണമായ ഒരു ഘടകമാണ് കുരിശുയുദ്ധം.മറ്റ് ഘടകങ്ങൾ എഴുതുക?

**Marks : (4)**

**Ans.**

- കാലാവസ്ഥാവ്യതിയാനവും കാർഷിക ഉൽപാദനത്തിലെ കുറവും
- ക്ഷാമം
- പ്ലേഗ് പോലുള്ള പകർച്ച വ്യാധികൾ
- രാജാക്കന്മാർക്കുണ്ടായിരുന്ന വെടിമരുന്നിന്റെ കുത്തുക
- കർഷിക കലാപങ്ങൾ
- ദേശരാഷ്ട്രങ്ങളുടെ ആവിർഭാവം

**Que.21.** മാലി സാമ്രാജ്യത്തിലെ പ്രശസ്തനായ ഭരണാധികാരി ആര് ?

**Marks : (1)**

**Ans.** കങ്കൻ മൂസ

**Que.22.** വിശുദ്ധറോമാസാമ്രാജ്യത്തിലെ പ്രശസ്തനായ ഭരണാധികാരി ആര്?

**Marks : (1)**

**Ans.** ഷാലമീൻ

**Que.23.** 'വിശുദ്ധ റോമാ സാമ്രാജ്യത്തിലെ സമർത്ഥനായ ഒരു യുദ്ധ വീരനും കഴിവുറ്റ ഭരണാധികാരിയും ആയിരുന്നു ഷാലമീൻ' – വിശദമാക്കുക

**Marks : (6)**

**Ans.** .പശ്ചിമ യൂറോപ്പിലെ ഭൂരിഭാഗം രാജ്യങ്ങളെയും അധീനതയിൽ കൊണ്ടുവന്നു

.രാഷ്ടീയ സഖ്യകളുടെയും വൈവാഹിക ബന്ധങ്ങളിലൂടെയും സാമ്രാജ്യ വിസ്തൃതി വർധിപ്പിച്ചു

.സാമ്രാജ്യത്തിൽ കേന്ദ്രീകൃത ഭരണം കൊണ്ടുവന്നു

.പ്രാദേശിക ഭരണം കൗണ്ടുകൾ എന്ന ഉദ്യോഗസ്ഥർക്ക് നൽകി

.മിസൈ ഡൊമിനിസി എന്ന രഹസ്യ വിഭാഗത്തെ നിയമിച്ചു

.സാധു ജനങ്ങൾക്ക് ദുരിതാശ്വാസ നിധികൾ ആരംഭിച്ചു

.കരോലിൻജിയൻ നവോത്ഥാനം

**Que.24.** "കൊറിയർ" എന്ന തപാൽ സമ്പ്രദായം നടപ്പിലാക്കിയ മംഗോളിയൻ ഭരണാധികാരി ആരാണ് ?

ഈ സമ്പ്രദായത്തിന്റെ സവിശേഷതകൾ എഴുതുക?

**Marks : (2)**

**Ans.**

- ചെങ്കിസ്ഖാൻ
- സാമ്രാജ്യത്തിന്റെ ഭാഗമായ വിദൂര ദേശങ്ങളെ ഭരണ കേന്ദ്രവുമായി ബന്ധിപ്പിക്കുവാൻ മംഗോളിയക്കാർ കുതിരകളെ ഉപയോഗിച്ചുള്ള തപാൽ സമ്പ്രദായം. ഇത് വളരെയേറെ വേഗത ഉള്ളതും കാര്യക്ഷമവും ആയിരുന്നു

**Que.25.** ഓട്ടോമൻ സാമ്രാജ്യവുമായി ബന്ധപ്പെട്ട് താഴെ നൽകിയിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക

(എ) ഏത് ഭരണാധികാരിയുടെ കാലത്താണ് ഈ സാമ്രാജ്യം ഏറ്റവും കൂടുതൽ പ്രഭാവത്തിൽ എത്തിയത് ?

(ബി). സാമ്രാജ്യം ശക്തമാകാൻ കാരണമായ സംഭവം ഏത് ?

**Marks : (2)**

**Ans.** (എ) സുലൈമാൻ

(ബി) CE 1453 ൽ തുർക്കി നേതാവായ മുഹമ്മദ് രണ്ടാമൻ കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചെടുത്തത്

**Que.26.** അബ്ബാസിയ ഭരണാധികാരികളിൽ ഏറ്റവും പ്രശസ്തനായ ഭരണാധികാരി ആരായിരുന്നു ?

**Marks : (1)**

**Ans.** ഹാറൂൺ അൽ റഷീദ്

**Que.27.** ഉമവിയ്യ ഭരണത്തെ കുറിച്ച് ഒരു ലഘുകുറിപ്പ് തയ്യാറാക്കുക

**Marks : (2)**

**Ans.**

1. അറേബ്യയിൽ കേന്ദ്രീകൃത ഭരണം ആരംഭിച്ചു
2. സ്വർണ നാണയമായ ദിനാറും വെള്ളി നാണയമായ ദിർഹവും പുറത്തിറക്കി

**Que.28.** പൗരസ്ത്യ റോമ സാമ്രാജ്യം ബൈസാന്റിയൻ സാമ്രാജ്യമെന്ന് അറിയപ്പെടുന്നത് എന്തുകൊണ്ട് ?

**Marks : (2)**

**Ans.** പൗരസ്ത്യ റോമാസാമ്രജ്യത്തിന്റെ കേന്ദ്രമായിരുന്ന കോൺസ്റ്റാന്റിനോപ്പിൾ ബൈസാന്റിയം എന്ന്

അറിയപ്പെട്ടിരുന്നു


**Que.29.** പുരാതനസാമ്രാജ്യങ്ങളിൽ ഏറ്റവും വിസ്തൃതമായ സാമ്രാജ്യം ഏത്?

(അറേബ്യൻ സാമ്രാജ്യം , റോമാ സാമ്രാജ്യം , മംഗോളിയൻ സാമ്രാജ്യം ,ഓട്ടോമൻ സാമ്രാജ്യം)

**Marks : (1)**

**Ans.** റോമാ സാമ്രജ്യം

**Que.30.** **ചൈനയിലെ രാജവംശങ്ങളെ സൂചിപ്പിക്കുന്ന പദസൂര്യൻ പൂർത്തിയാക്കുക**




**Marks : (3)**

**Ans.** സോങ്,

ടാങ്,

മഞ്ചു

**Que.31.** താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകൾ ബ്രാക്കറ്റിൽ നല്കിയിട്ടുള്ള സാമ്രാജ്യങ്ങളിൽ ഏതിനെ സൂചിപ്പിക്കുന്നുന്നതാണെന്ന് കണ്ടെത്തി എഴുതുക.

(i) ഏറ്റവും വിസ്തൃതമായ സാമ്രാജ്യം.
(ii) ഏഷ്യാമൈനർ മുതൽ അറബിക്കടൽ വരെയുള്ള പ്രദേശങ്ങൾ ഉൾപ്പെട്ടത് .
(iii) സൈബീരിയലെ ഒനോൺ നദീ തീരത്തുള്ള കാരക്കോറം ഭരണകേന്ദ്രമായിരുന്നു.
(iv) സുലൈമാൻ എന്ന ഭരണാധികാരിയുടെ കാലത്ത് കൂടുതൽ ശക്തിപ്പെട്ടു.
(അറേബ്യൻ സാമ്രാജ്യം , റോമാ സാമ്രാജ്യം , മംഗോളിയൻസാമ്രാജ്യം ,ഓട്ടോമൻ സാമ്രാജ്യം)

**Marks : (4)**

**Ans.** (i) റോമാ സാമ്രാജ്യം
(ii)അറേബ്യൻ സാമ്രാജ്യം
(iii) മംഗോളിയൻ സാമ്രാജ്യം
(iv) ഓട്ടോമൻ സാമ്രാജ്യം

**Que.32.** ചുവടെ തന്നിട്ടുള്ളവയിൽ 'എ' കോളത്തിന് അനുയോജ്യമായവ 'ബി' കോളത്തിൽ നിന്നും തിരഞ്ഞെടുത്തെഴുതുക

| എ | ബി |
|---|---|
| ജസ്റ്റീനിയൻ | ഗ്രേറ്റ് മോസ്ക്ക് |
| ഷാലമീൻ | കൊറിയർ |

| | |
|---|---|
| കങ്കൻ മൂസ | കോർപ്പസ് ജൂറിസ് സിവിൽസ് |
| ചെങ്കിസ്ഖാൻ | മിസൈ ഡൊമിനിസി |

**Marks : (4)**

**Ans.**

| എ | ബി |
|---|---|
| ജസ്റ്റീനിയൻ | കോർപ്പസ് ജൂറിസ് സിവിൽസ് |
| ഷാലമീൻ | മിസൈ ഡൊമിനിസി |
| കങ്കൻ മൂസ | ഗ്രേറ്റ് മോസ്ക്ക് |
| ചെങ്കിസ്ഖാൻ | കൊറിയർ |

**Que.33.** മധ്യകാല ചൈനയിലെയും ജപ്പാനിലെയും അധികാരരൂപങ്ങളെ താരതമ്യം ചെയ്തു കുറിപ്പ് തയ്യാറാക്കുക?

**Marks : (6)**

**Ans.** <u>ചൈന -</u>

.പരമാധികാരം ചക്രവർത്തിയിൽ നിഷിപ്തമായിരുന്നു

.വിദ്യാഭ്യാസ യോഗ്യതയും മികവും മാനദണ്ഡമാക്കി മത്സരപരീക്ഷയിലൂടെ ഉദ്യോഗസ്ഥരെ തിരഞ്ഞെടുത്തു

.ഭരണാധികാരികൾ മതസഹിഷ്ണുത പുലർത്തിയിരുന്നു

.സോങ്,മിങ്,ടാങ് മഞ്ചു പ്രധാന രാജവംശങ്ങൾ

**<u>ജപ്പാൻ</u>**

.പരമാധികാരം ചക്രവർത്തിയിൽ നിഷിപ്തമായിരുന്നു

.അധികാരം കൈയാളിയിരുന്നത് ഷോഗണുകൾ എന്ന ഫ്യൂഡൽ പ്രഭുക്കന്മാരായിരുന്നു

.ഭൂമിയുടെ നിയന്ത്രണം ഷോഗണുകൾക്കായിരുന്നു

.ടോക്കിയോ ഭരണ കേന്ദ്രമായി വികസിച്ചു

**Que.34.** മധ്യകാലത്തിന്റെ ആദ്യഘട്ടങ്ങളിൽ ചൈന ഭരിച്ചിരുന്ന രാജവംശം ഏത് ? ഇവിടെ നിലനിന്ന ഭരണത്തിന്റെ ഏതെങ്കിലും രണ്ട് സവിശേഷതകൾ എഴുതുക?

**Marks : (4)**


**Ans.** ടാങ് രാജവംശം

.രാജ്യത്തിന്റെ പരമാധികാരം ചക്രവർത്തിയിൽ നിക്ഷിപ്തമായിരുന്നു

.വിദ്യാഭ്യാസ യോഗ്യതയും മികവും മാനദണ്ഡമാക്കിയാണ് മത്സരപരീക്ഷകളിൽ ഉദ്യോഗാർഥികളെ തിരഞ്ഞെടുത്തിരുന്നത്

.മതസഹിഷ്ണുത പുലർത്തിയിരുന്ന ഭരണാധികാരികൾ കച്ചവടത്തിന്റെ പ്രോത്സാഹകരായിരുന്നു.

**Que.35.** പദസൂര്യൻ പൂർത്തിയാക്കുക.




**Marks : (3)**

**Ans.**

- കരീബിയൻ
- മൊഗല്ലൻ
- പടയൻ
- മായൻ
- ഇൻക
- അസ്റ്റെക്
- ടോൾടെക്

(ഏതെങ്കിലും മൂന്നെണ്ണം)